LIBRARY ARCHIVES Kerala Legislative Assembly

സ്കൂളുകളിൽ കമ്പ്യൂട്ടർ വിദ്യാഭ്യാസം വിപുലപ്പെടുത്തുന്നതിനായി നടപടി

95 [5075] ശ്രീ. വി. ബാലറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ സ്കൂളുകളിൽ കമ്പ്യൂട്ടർ വിദ്യാഭ്യാസം വിപുലപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) സ്കൂളുകളിൽ കമ്പ്യൂട്ടർ സ്ഥാപിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്നുണ്ടോ;

(സി) സർക്കാർ നേരിട്ട് സ്കൂളുകളിലേക്ക് കമ്പ്യൂട്ടർ നൽകിവരുന്നുണ്ടോ;

(ഡി) സ്കൂളുകളിൽ കമ്പ്യൂട്ടർ പഠിപ്പിക്കുന്നതിനായി പ്രത്യേകമായി അദ്ധ്യാപകരെ ചുമതലപ്പെടുത്തിയിട്ടുണ്ടോ?

ഉത്തരം

(എ) കമ്പ്യൂട്ടർ ലാബുകൾ ഇല്ലാത്ത സ്കൂളുകളിൽ കമ്പ്യൂട്ടർ ലാബുകൾ സജ്ജീകരിച്ച് പ്രവർത്തിപ്പിക്കുന്നതിന് പി.ടി.എ., കുടുംബശ്രീ എന്നിവയെ കൂടാതെ ഗവൺമെന്റ് അംഗീകരിച്ച 17 എം പാനൽ ഏജൻസികളെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) 62 സർക്കാർ ഹൈസ്കൂളുകൾക്ക് ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വിതരണം നടത്തിയിട്ടുണ്ട്.

(ഡി) ഹൈസ്കൂളുകളിലെ തെരഞ്ഞെടുത്ത അദ്ധ്യാപകർക്ക് കമ്പ്യൂട്ടർ പരിശീലനം നൽകി മാസ്റ്റർ ട്രെയിനർമാരായി നിയമിച്ചിട്ടുണ്ട്. ഇവർ സ്കൂളുകളിലെ അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നുണ്ട്. പി.റ്റി.എ.-യുടെ ചുമതലയിൽ ചില സ്കൂളുകളിൽ കമ്പ്യൂട്ടർ ഇൻസ്ട്രക്ടർമാരെ നിയമിച്ചിട്ടുണ്ട്.

കമ്പ്യൂട്ടർ വിദ്യാഭ്യാസം എയ്ഡഡ് സ്കൂളുകളിലേക്കുകൂടി വ്യാപിപ്പിക്കാൻ നടപടി

96 [5076] ശ്രീ. വി. ബാലറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ പ്രാഥമികതലം മുതൽ കമ്പ്യൂട്ടർ പഠനം വിപുലപ്പെടുത്തുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) ഐ.റ്റി.അറ്റ് സ്കൂൾ പദ്ധതിയിൽ ഇപ്പോൾ ഏതെല്ലാം സ്കൂളുകളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്;

(സി) കമ്പ്യൂട്ടർ വിദ്യാഭ്യാസം സംസ്ഥാനത്തെ കൂടുതൽ വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെടുത്തുന്നതിനായി എയ്ഡഡ് സ്കൂളുകളിലേക്കുകൂടി ഈ പദ്ധതി വ്യാപിപ്പിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?